⇨ *ഗാഡ്ഗിൽ റിപ്പോർട്ടിനെ അവസരോചിതമായി വെട്ടിനിരത്തുകയായിരുന്നു സർക്കാർ* ⇨

**ഒരു** പ്രത്യേക ഭൂപ്രദേശം പരിസ്ഥിതി ലോല പ്രദേശമായി (Ecologically Sensitive Areas - ഇ.എസ്.എ) വിജ്ഞാപനം ചെയ്യുന്നതിൽ ഭയപ്പെടേണ്ടതായി എന്തെങ്കിലുമുണ്ടോ? കട്ടപ്പനയോ താമരശ്ശേരിയോ പരിസ്ഥിതി ലോല പ്രദേശമായി പ്രഖ്യാപിക്കപ്പെട്ടാൽ ജനജീവിതം അസാധ്യമായിത്തീരും എന്ന പ്രചരണങ്ങൾക്ക് എന്തെങ്കിലും അടിസ്ഥാനമുണ്ടോ? ഇല്ല, ഒരടിസ്ഥാനവുമില്ല എന്ന പരമാർത്ഥത്തെ മനസ്സിലാക്കാൻ പോലും ശ്രമിക്കാത്തവരുടെ ഏകപക്ഷീയമായ ഇരമ്പലുകളാണ് ഗാഡ്ഗിൽ - കസ്തൂരിരംഗൻ റിപ്പോർട്ടുകളെ തുടർന്ന് കേരളത്തിന്റെ പല കോണുകളിൽ നിന്നും പുറപ്പെട്ടുവരുന്നത്. യാഥാർത്ഥ്യത്തിൽ നിന്നും പുറംതിരിഞ്ഞുനിൽക്കുന്നവരുടെ ഈ പൊളിപറച്ചിലുകളോട് പാകപ്പെടുന്ന ഭരണകൂടവും പ്രതി

# പരിസ്ഥിതി ലോലതയേയും ജനാധിപത്യത്തെയും ഭയപ്പെടുന്നവർ

കട്ടപ്പനയോ താമരശ്ശേരിയോ പരിസ്ഥിതി ലോല പ്രദേശമായി പ്രഖ്യാപിക്കപ്പെട്ടാൽ ജനജീവിതം അസാധ്യമായിത്തീരും എന്ന പ്രചരണങ്ങൾക്ക് എന്തെങ്കിലും അടിസ്ഥാനമുണ്ടോ?
ഇല്ല, ഒരടിസ്ഥാനവുമില്ല എന്ന പരമാർത്ഥത്തെ മനസ്സിലാക്കാൻ പോലും ശ്രമിക്കാത്തവരുടെ ഏകപക്ഷീയമായ ഇരമ്പലുകളാണ് ഗാഡ്ഗിൽ - കസ്തൂരിരംഗൻ റിപ്പോർട്ടുകളെ തുടർന്ന് കേരളത്തിന്റെ പല കോണുകളിൽ നിന്നും പുറപ്പെട്ടുവരുന്നത്.

**കേരളീയം വാർത്താശ്യംഖല**

വാദങ്ങളെയെല്ലാം പൂർണ്ണമായും പുറംതള്ളുകയാണ്. പരിസ്ഥിതി ലോല പ്രദേശം എന്ന നാമകരണത്തെ ജനങ്ങളേക്കാൾ ഭയപ്പെടുന്നത് അധികാര സ്ഥാപനങ്ങളാണെന്ന് വ്യക്തമാകുന്ന ഇടപെടലുകളാണ് ഗാഡ്ഗിൽ റിപ്പോർട്ടിനുമേൽ അവരും നിർവ്വഹിച്ചത്. ഗാഡ്ഗിൽ റിപ്പോർട്ടിനെ കസ്തൂരിരംഗനെ വച്ച് തിരുത്തുന്നതിൽ സർക്കാർ കാണിച്ച അപൂർവ്വമായ കർമ്മോത്സുകത തീർച്ചയായും അവ്യക്തതകളിൽ നിന്നോ ആശങ്കകളിൽ നിന്നോ ഉണ്ടായ ഒന്നല്ല. ജനങ്ങൾക്കുണ്ടായ സന്ദേഹത്തെ മറയാക്കി, എതിർപ്പുകൾ വ്യാപകമാണെന്ന പൊതുധാരണ സൃഷ്ടിച്ചെടുത്ത് ഗാഡ്ഗിൽ റിപ്പോർട്ടിനെ അവസരോചിതമായി വെട്ടിനിരത്തുകയായിരുന്നു സർക്കാർ.

ഭരണകൂടങ്ങൾ പിന്തുടരുന്ന വികസന വാദത്തിന് അങ്ങേയറ്റം ഉപയോഗപ്രദമായ ഒട്ടനവധി നിർദ്ദേശങ്ങളുള്ള കസ്തൂരിരംഗന്റെ പുനഃപരിശോധന റിപ്പോർട്ട് തന്നെ കസ്തൂരിരംഗൻ കമ്മിറ്റി നിയോഗിക്കപ്പെട്ട സംശയാസ്പദമായ സാഹചര്യത്തെ കൂടുതൽ സാധൂകരിക്കുന്നുണ്ട്. പാരിസ്ഥിതിക ദുർബല, നൈസർഗിക വനമേഖലകളിൽ രണ്ടേകാൽ ലക്ഷം ചതുരശ്ര അടി വിസ്തൃതിയുള്ള നിർമ്മാണ പ്രവർത്തനങ്ങൾക്കുവരെ എത്രവേണമെങ്കിലും അനുവാദം നൽകാമെന്ന കസ്തൂരിരംഗൻ റിപ്പോർട്ടിലെ കേവലമൊരു നിർദ്ദേശം മാത്രമെടുത്താൽ മതി സംഗതി വ്യക്തമാകാൻ. പരിസ്ഥിതി ദുർബലമേഖലയിൽ നിന്നും വനേതര ആവശ്യങ്ങൾക്ക് ഭൂമി കൈമാറാമെന്നും അതിന്റെ സുതാര്യത ഉറപ്പാക്കിയാൽ മതിയെന്നുമുള്ള മറ്റു നിർദ്ദേശങ്ങൾ വേറെയുമുണ്ട്. പരിസ്ഥിതി ദുർബല

⇨ തദ്ദേശീയ ജനവിഭാഗത്തിന്റെ പങ്കാളിത്തത്തോടെയാണ് ആ ഇ.എസ്.എകളെല്ലാം യാഥാർത്ഥ്യമായിട്ടുള്ളത് ⇨



പ്രദേശം എന്ന സങ്കൽപ്പത്തിന്റെ അന്തഃസത്തയെ തന്നെ ചോർത്തിക്കളഞ്ഞ കസ്തൂരിരംഗൻ കമ്മിറ്റി റിപ്പോർട്ട് തത്വത്തിൽ അംഗീകരിച്ചതോടെ സർക്കാർ ശവക്കുഴിയിലടക്കിയ ജനാധിപത്യ-പാരിസ്ഥിതിക ഭരണമാതൃകയെ ജനകീയമായി എങ്ങനെ വീണ്ടെടുക്കാം എന്ന ആലോചനകളിലേക്ക് വികസിക്കുകയാണ് ഗാഡ്ഗിൽ റിപ്പോർട്ടിന് വേണ്ടിയുള്ള പ്രക്ഷോഭങ്ങൾ.

**നാം ജീവിക്കുന്ന പരിസ്ഥിതി**

നാം ജീവിക്കുന്ന പ്രദേശവും നമ്മുടെ വ്യവഹാരങ്ങളെ നിർണ്ണയിക്കുന്ന പരിസരവും പാരിസ്ഥിതികമായി ലോലമാണ് എന്ന ശാസ്ത്രീയ/പ്രായോഗിക ജ്ഞാനത്തിന്റെ അടിസ്ഥാനത്തിൽ തിരിച്ചറിയപ്പെട്ടാൽ എന്താണ് ചെയ്യാൻ കഴിയുന്നത്? ദുർബലമായ ഒരു പാരിസ്ഥിതിക ചുറ്റുപാടിൽ അധിവസിക്കുന്നതിനുള്ള സാമൂഹികമായ ക്രമങ്ങൾ ജീവിതചര്യകളിലേക്ക് അനുശീലനം ചെയ്യുന്നതിനുള്ള സാധ്യതകൾ ആരായുകയാണ് ആദ്യം വേണ്ടത്. അക്രമണോത്സുകമായ വികസന മാതൃകകൾക്ക് പാരിസ്ഥിതിക ലോല പ്രദേശങ്ങളിൽ ഇടം അസാധ്യമാണെന്ന് തിരിച്ചറിഞ്ഞ പല നാടുകളും അത്തരത്തിലുള്ള വഴക്കങ്ങളിലേക്ക് വഴിമാറിയിട്ടുണ്ട്. ജൈവവും അജൈവവുമായ ഘടകങ്ങൾ തമ്മിൽ ലോലമായ പരസ്പരാശ്രിതത്വം നിലനിൽക്കുന്ന പ്രദേശങ്ങളെ, വിശദമായ നിരീക്ഷണങ്ങളുടെ അടിസ്ഥാനത്തിൽ കണ്ടെത്തിക്കൊണ്ട് ഗാഡ്ഗിൽ കമ്മിറ്റിയും മുന്നോട്ട് വച്ചത് അത്തരത്തിലുള്ള ഒരു അനുശീലന സമ്പ്രദായമാണ്. കേരളത്തിൽ നിന്ന് മാത്രമാണ് ഇത്ര രൂക്ഷമായ പ്രതികരണങ്ങൾ പരിസ്ഥിതി ലോല പ്രദേശങ്ങൾ (ഇ.എസ്.എ) എന്ന നിർദ്ദേശത്തിനെതിരെ ഉയർന്ന് വന്നത്. 1989 മുതൽ ഇന്ത്യയുടെ പല ഭാഗങ്ങളിലായി നിരവധി പ്രദേശങ്ങൾ ഇ.എസ്.എ ആയി പ്രഖ്യാപിച്ചിട്ടുണ്ട്. ഇന്ന് കേരളത്തിൽ നടക്കുന്നതിന് സമാനമായ എതിർപ്പുകൾ എവിടെയും രേഖപ്പെടുത്തപ്പെട്ടിട്ടില്ല. മാത്രമല്ല, തദ്ദേശീയ ജനവിഭാഗത്തിന്റെ പങ്കാളിത്തത്തോടെയാണ് ആ ഇ.എസ്.എകളെല്ലാം യാഥാർത്ഥ്യമായിട്ടുള്ളതും. പശ്ചിമഘട്ട മേഖലയിൽ തന്നെയുള്ള മഹാരാഷ്ട്രയിലെ മാത്തേരാൻ, മഹാബലേശ്വർ-പഞ്ച്ഗനി എന്നീ പ്രദേശങ്ങൾ ഒരാളെപ്പോലും കുടിയിറക്കാതെ പാരിസ്ഥിതിക ലോല പ്രദേശമായി സംരക്ഷിച്ച ചരിത്രത്തെക്കുറിച്ച് കേൾക്കാൻ ഇവിടെ ആരും തയ്യാറായിരുന്നില്ല.

**വികേന്ദ്രീകൃതം VS കേന്ദ്രീകൃതം**

ഗ്രാമസഭകളുടെ തീരുമാനത്തോടെയും പഞ്ചായത്തുകളുടെ അംഗീകാരത്തോടെയും മാത്രം നടപ്പിലാക്കാവുന്ന നിർദ്ദേശങ്ങൾ മാത്രമാണ് ശരിക്കും ഗാഡ്ഗിൽ റിപ്പോർട്ടിന്റ ഉള്ളടക്കം. എന്നിട്ടും റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ ഗ്രാമസഭകളിൽ ചർച്ചചെയ്യാൻ തയ്യാറാകാതെ കണ്ണടച്ച് തള്ളിക്കളയുകയാണ് കേരളത്തിലെ മിക്ക പഞ്ചായത്തുകളും ചെയ്തത്. വയനാട് ജില്ലയിലെ പടിഞ്ഞാറത്തറ പോലെയുള്ള ചുരുക്കം ചില പഞ്ചായത്തുകൾ മാത്രമാണ് പരിസ്ഥിതി പ്രവർത്തകരുമായി ചർച്ച നടത്തി ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ട് നടപ്പിലാക്കണമെന്ന് പ്രമേയം പാസാക്കിയത്. കഴിഞ്ഞ വേനൽക്കാലത്ത് 10 ലക്ഷം രൂപയോളം മുടക്കി കുടിവെള്ളം വിതരണം ചെയ്യേണ്ടിവന്ന പല പഞ്ചായത്തുകളും

നാടിന് സംഭവിച്ച പാരിസ്ഥിതിക ദുരന്തത്തെ തിരിച്ചറിഞ്ഞ് ഗാഡ്ഗിൽ റിപ്പോർട്ട് നടപ്പിലാക്കാൻ താത്പര്യപ്പെട്ടിരുന്നു. എന്നാൽ തങ്ങൾ പ്രതിനിധീകരിക്കുന്ന രാഷ്ട്രീയ പാർട്ടികൾ ഗാഡ്ഗിൽ റിപ്പോർട്ടിന് എതിരായി നിൽക്കുന്നതിനാൽ അതിന് കഴിഞ്ഞില്ലെന്ന് പല ജനപ്രതിനിധികളും 2013 ആഗസ്റ്റ് മാസം കില (കേരള ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ലോക്കൽ അഡ്മിനിസ്ട്രേഷൻ) സംഘടിപ്പിച്ച ഗാഡ്ഗിൽ റിപ്പോർട്ട് പഠന സെമിനാറിൽ വച്ച് വെളിപ്പെടുത്തുകയുണ്ടായി. ജനാധികാര രാഷ്ട്രീയത്തിന്റെ വികാസത്തിന് കേന്ദ്രീകൃത രാഷ്ട്രീയ സംവിധാനങ്ങൾ സൃഷ്ടിച്ചെടുത്ത വ്യവസ്ഥിതി എന്തുമാത്രം തടസ്സം സൃഷ്ടിക്കുന്നു എന്നതിനെ സൂക്ഷ്മമായി വിലയിരുത്താനുള്ള സാഹചര്യം കൂടി ഗാഡ്ഗിൽ റിപ്പോർട്ടിനെത്തുടർന്ന് സംജാതമായിരിക്കുകയാണ്.

> അനധികൃതമായി കൈവശം വച്ചരിക്കുന്ന ഭൂമി നഷ്ടപ്പെടാതിരിക്കുന്നതിനും അവിടെ നിന്നും വിഭവങ്ങൾ യഥേഷ്ടം ചൂഷണം ചെയ്യുന്നതിനുമായി ഗാഡ്ഗിൽ റിപ്പോർട്ടിനെ എതിർക്കുന്ന ഇക്കൂട്ടരെ രാഷ്ട്രീയമായി നേരിടുന്നതിനുള്ള ആർജ്ജവം ശരിക്കും അവശേഷിക്കുന്നത് ആ ഭൂമിയുടെ യഥാർത്ഥ അവകാശികളായ ഭൂരഹിതരിൽ തന്നെയാണ്

**പ്രതിഷേധക്കാർ ആരെല്ലാം?**

അപ്പോൾ ആരായിരുന്നു ശരിക്കും ഗാഡ്ഗിൽ റിപ്പോർട്ടിനെ എതിർത്തത്? അശക്തരായ ജനങ്ങളോ അതോ അധികാരത്താൽ സുശക്തരായിത്തീർന്ന രാഷ്ട്രീയ പാർട്ടികളോ? ഗാഡ്ഗിൽ റിപ്പോർട്ടിനെതിരെ ഉയർന്നുവന്ന പ്രതിഷേധങ്ങളെ സൂക്ഷ്മമായി പരിശോധിക്കുകയാണെങ്കിൽ, സാമൂഹികശ്രേണിയിലെ പ്രബലരായ നിക്ഷിപ്ത താത്പര്യക്കാർക്കൊപ്പം ചേർന്ന് അധികാര സംരക്ഷകരായ ചില രാഷ്ട്രീയ പാർട്ടികൾ നടത്തിയ വിജയകരമായ അഭ്യാസം മാത്രമായിരുന്നു അതെന്ന് ആർക്കും ബോധ്യമാകും. 1750 പ്രതികരണങ്ങളാണ് ഗാഡ്ഗിൽ റിപ്പോർട്ടിനെക്കുറിച്ച് കേന്ദ്ര സർക്കാറിന് ലഭിച്ചത്. അതിൽ 81 ശതമാനവും ഗാഡ്ഗിൽ റിപ്പോർട്ടിനെതിരെയുള്ളതാണെന്ന് കസ്തൂരിരംഗൻ റിപ്പോർട്ട് അതിന്റെ ആമുഖത്തിൽ പറയുന്നുണ്ട്. ഇതിൽ 52 ശതമാനം കത്തുകളും അയച്ചത് മൈനിംഗ് ലോബികളാണ് എന്നത് പ്രതിഷേധങ്ങൾ ആർക്കായിരുന്നു കൂടുതലെന്ന് വ്യക്തമാക്കുന്നു. കേരളത്തിലെ പ്രതിഷേധക്കാരുടെ വിവരങ്ങൾ പരിശോധിച്ചാലും ഇത് വെളിപ്പെടും. ക്വാറി ഓണേഴ്സ് അസോസിയേഷൻ, ബിൽഡേഴ്സ് അസോസിയേഷൻ, ഇൻഫാം, ഹൈറേഞ്ച് സംരക്ഷണ സമിതി, കത്തോലിക്ക കോൺഗ്രസ്, സീറോ മലബാർസഭ അൽമായ കമ്മീഷൻ, എല്ലാ മുഖ്യധാരാ രാഷ്ട്രീയ പാർട്ടികളും ഒത്തുചേർന്ന ഇടുക്കി ജില്ലാ സർവകക്ഷി സംയുക്ത സമിതി തുടങ്ങിയ അണികളെ അണിനിരത്താൻ ശേഷിയുള്ള രാഷ്ട്രീയ-മത-സംഘടിത സമിതികളാണ് മുഖ്യപ്രതിഷേധക്കാർ.

എന്നാൽ റിപ്പോർട്ടിനെ അനുകൂലിച്ച കൂട്ടത്തിൽ, ചെറു പരിസ്ഥിതി സംഘങ്ങൾക്കൊപ്പം ആദിവാസി ഗോത്രമഹാസഭയും ദളിത് മഹാസഭയും പോലെയുള്ള സംഘടനകൾ കൂടിയുണ്ടായിരുന്നു എന്നത് ശ്രദ്ധേയമായ കാര്യമാണ്. ഭരണകൂടവും വിപണിയും ചേർന്ന് സൃഷ്ടിക്കുന്ന മനുഷ്യത്വവിരുദ്ധ വികസനത്തിന്റെ ആദ്യ ഇരകളായ ആദിവാസി-ദളിത് ജനവിഭാഗം ഗാഡ്ഗിൽ റിപ്പോർട്ടിന് അനുകൂലമായി രംഗത്തെത്തിയതിന് ഏറെ രാഷ്ട്രീയ പ്രാധാന്യമുണ്ട്. പ്രത്യേകിച്ച്, ഗാഡ്ഗിൽ റിപ്പോർട്ടിനെതിരെ ഇപ്പോൾ അണിനിരക്കുന്ന പല സംഘങ്ങളും തന്നെയാണ് 1975 ലെ അന്യാധീനപ്പെട്ട ആദിവാസി ഭൂമി തിരിച്ചെടുക്കൽ നിയമം പ്രാബല്യത്തിൽ വരുത്തുന്നതിനെ തടഞ്ഞതും നിഷ്കാസിതമാക്കിയതും. അനധികൃതമായി ഭൂമി കൈവശം വച്ചിരിക്കുന്ന തോട്ടമുടകളുടെയും കയ്യേറ്റക്കാരുടെയും സമ്മർദ്ദത്തെത്തുടർന്നാണ് 1975ലെ നിയമം ഇടതു-വലത് രാഷ്ട്രീയ കക്ഷികൾ ചേർന്ന് കാലകാലങ്ങളായി അട്ടിമറിച്ചത്. ഇന്ന് ഗാഡ്ഗിൽ റിപ്പോർട്ടിനെതിരെ രംഗത്ത് വന്ന പ്രതിഷേധങ്ങൾക്ക് പിന്നിലും ഇതേ ശക്തികളുടെ സ്വാധീനം കാണാൻ കഴിയും. അനധികൃതമായി കൈവശം വച്ചരിക്കുന്ന ഭൂമി നഷ്ടപ്പെടാതിരിക്കുന്നതിനും അവിടെ നിന്നും വിഭവങ്ങൾ യഥേഷ്ടം ചൂഷണം ചെയ്യുന്നതിനുമായി ഗാഡ്ഗിൽ റിപ്പോർട്ടിനെ എതിർക്കുന്ന ഇക്കൂട്ടരെ രാഷ്ട്രീയമായി നേരിടുന്നതിനുള്ള ആർജ്ജവം ശരിക്കും അവശേഷിക്കുന്നത് ആ ഭൂമിയുടെ യഥാർത്ഥ അവകാശികളായ ഭൂരഹിതരിൽ തന്നെയാണ്. പാരിസ്ഥിതിക ലോല പ്രദേശം എന്ന നിർദ്ദേശത്തെ ഭയപ്പെടേണ്ട കാര്യം കേരളത്തിലെ ഭൂരഹിത വിഭാഗങ്ങൾക്കില്ല. വിത്തിട്ടാൽ മുളയ്ക്കാത്ത പാറപ്പുറത്താണ് അവരിൽ പലരും കഴിയുന്നതെ

| പരിസ്ഥിതി സംരക്ഷണ നിയമത്തിന്റെ പ്രത്യേകത | |
|---|---|
| വന്യജീവി സംരക്ഷണ നിയമം, 1972 | – വേട്ട, കള്ളക്കടത്ത്, അനധികൃതവ്യാപാരം എന്നിവ നിയന്ത്രിക്കുന്നതിലൂടെ വന്യജീവികളെ സംരക്ഷിക്കുന്നു.<br>– വംശനാശഭീഷണി നേരിടുന്ന ജീവിവർഗ്ഗങ്ങളുടെ സംരക്ഷണത്തിനായി പാർക്കുകളും വന്യജീവിസങ്കേതങ്ങളും രൂപീകരിക്കുന്നു. |
| വന സംരക്ഷണ നിയമം, 1980 | – വനങ്ങളെ വനേതര ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നതിൽ നിയന്ത്രണം കൊണ്ടുവന്നു. |
| പരിസ്ഥിതി സംരക്ഷണ നിയമം, 1986 | – പരിസ്ഥിതിയുടെ സംരക്ഷണത്തിനും അഭിവൃദ്ധിപ്പെടുത്തലിനും ആക്കം കൂട്ടുന്നു.<br>– ഗുണനിലവാരം, കാലാവസ്ഥാ പ്രത്യേകതകൾ, ഭൂപ്രകൃതി, ജൈവവൈവിധ്യം, പരിസ്ഥിതിക്ക് പ്രതികൂലമായേക്കാവുന്ന സാഹചര്യങ്ങൾ എന്നിവ കണക്കിലെടുത്ത് പല പ്രദേശങ്ങളിലും അത്തരം പ്രവർത്തനങ്ങൾ തടയാനും നിയന്ത്രിക്കാനും കഴിയുന്നു. |

ങ്കിലും സ്വന്തമായി പാറമടകളില്ലാത്തിനാൽ ഇ.എസ്.എ നിർദ്ദേശത്തെ പേടിക്കേണ്ടതേയില്ല. ഭൂവുടമസ്ഥ വർഗ്ഗത്തിന്റെ ആർഭാടങ്ങൾ എപ്പോഴും കവർന്നെടുക്കുന്നത് ഭൂരഹിതരുടെ പൊതുവിഭവങ്ങളാണ് എന്നതിനാൽ തന്നെ ഗാഡ്ഗിൽ റിപ്പോർട്ടിലെ ഇ.എസ്.എ എന്ന നിർദ്ദേശത്തെ അവർക്ക് തങ്ങളുടെ അതിജീവനത്തിനും ഭൂമിയുടെ മേലുള്ള അവകാശത്തിനുമായി വികസിപ്പിക്കാവുന്നതുമാണ്.

**എന്താണ് ഈ ഇ.എസ്.എ?**

1986ലെ പരിസ്ഥിതി (സംരക്ഷണ) നിയമത്തിന്റെ അടിസ്ഥാനത്തിലാണ് ഒരു പ്രദേശം പരിസ്ഥിതി ലോല പ്രദേശമായി (ഇ.എസ്.എ) പ്രഖ്യാപിക്കുന്നത്. വന്യജീവി സംരക്ഷണ നിയമം പോലെ വിലക്കുകളുള്ള ഒരു നിയമത്തിന്റെ കീഴിലല്ല, പങ്കാളിത്തം ഉറപ്പുവരുത്തുന്ന പരിസ്ഥിതി സംരക്ഷണ നിയമത്തിന്റെ കീഴിലാണ് ഒരു പ്രദേശം ഇ.എസ്.എ ആകുന്നത് എന്നതാണ് ആ നിയമത്തിലെ പ്രധാന വസ്തുത. 1986 ലെ പരിസ്ഥിതി (സംരക്ഷണ) നിയമം പ്രകാരം പശ്ചിമഘട്ട മേഖലയിലെ പരിസ്ഥിതി ലോല പ്രദേശങ്ങളായി വിജ്ഞാപനം ചെയ്യേണ്ട പ്രദേശങ്ങൾ ഏതെല്ലാമെന്ന് കണ്ടെത്തി അതിരടയാളപ്പെടുത്തുക എന്നതായിരുന്നു ഗാഡ്ഗിൽ കമ്മിറ്റിക്ക് കേന്ദ്ര പരിസ്ഥിതി മന്ത്രാലയം നൽകിയ മുഖ്യ നിർദ്ദേശങ്ങളിലൊന്ന്. അതിന്റെ അടിസ്ഥാനത്തിലാണ്, 1986ലെ കേന്ദ്ര നിയമത്തെ ആധാരമാക്കിയെടുത്ത് ഗാഡ്ഗിൽ കമ്മിറ്റി ഇ.എസ്.എകൾ അടയാളപ്പെടുത്തിയത്. ഒരു പ്രദേശത്തിന്റെ വഹനശേഷിയും (carrying capacity) പരിസ്ഥിതി സംവേദനത്വവുമാണ് (eco sensitivity) ഇ.എസ്.എ ആയി ആ പ്രദേശം വിജ്ഞാപനം ചെയ്യുന്നതിന് പ്രധാനമായും പരിഗണിക്കുന്നത്. എന്തെങ്കിലും തരത്തിലുള്ള വികസന പ്രവർത്തനങ്ങൾ ഒരു പ്രദേശത്തിന്റെ സ്വാഭാവിക പരിസ്ഥിതിയിൽ മാറ്റം വരുത്തുകയാണെങ്കിൽ ആ പ്രദേശത്തെ നാശത്തിൽ നിന്നും സംരക്ഷിക്കുന്നതിനായി പരിസ്ഥിതി ലോല പ്രദേശമായി പ്രഖ്യാപിക്കാവുന്നതാണ്.

വികസന പ്രവർത്തനങ്ങളെ വിഭവങ്ങളുടെ വഹനശേഷിക്കനുസരിച്ച് എങ്ങനെ ആസൂത്രണം ചെയ്യാം എന്നുള്ളതാണ് ഇ.എസ്.എകളുടെ പ്രത്യേകത. ഒരു പ്രദേശം ഇ.എസ്.എ ആയി പ്രഖ്യാപിക്കപ്പെട്ടാൽ ഇ.എസ്.എ ആസൂത്രണ പദ്ധതിക്ക് അനുസരിച്ചാണ് അവിടെ കാര്യങ്ങൾ തീരുമാനിക്കപ്പെടുന്നത്. ഒരു ഇ.എസ്.എയ്ക്കുള്ളിൽ നിരവധി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വരുമെന്നതിനാൽ അവയുടെ പ്രവർത്തനങ്ങളെ ഇത്തരത്തിൽ ഏകോപിക്കുന്നതിനുള്ള സംവിധാനവും രൂപീകരിക്കണം. വികസനപ്രവർത്തനങ്ങളെല്ലാം തദ്ദേശീയരുടെ താത്പര്യത്തോടെയും മേൽനോട്ടത്തിലും നടക്കുന്ന തര

ത്തിലുള്ള ആസൂത്രണ ഘടനയാണ് ഇ.എസ്.എകൾക്കുള്ളത്. ഒപ്പം പാരിസ്ഥിതികമായി ലോലമായ ഒരു പ്രദേശത്താണ് തങ്ങൾ അധിവസിക്കുന്നത് എന്ന് തിരിച്ചറിഞ്ഞുകൊണ്ട് നടത്തുന്ന സാമൂഹികമായ ചില പാരിസ്ഥിതിക കരുതലുകൾ ജനങ്ങളുടെ എല്ലാ പ്രവർത്തനങ്ങളിലും ഉൾച്ചേർക്കുന്നതിനുള്ള നയപരിപാടികളും ഇ.എസ്.എ മുന്നോട്ട് വയ്ക്കുന്നു. ജനങ്ങൾക്ക് പങ്കാളിത്തമുള്ള ആസൂത്രണ പ്രക്രിയയായതിനാൽ തങ്ങളുടെ ചുറ്റുപാടുമുള്ള പരിസ്ഥിതിയുടെ ആരോഗ്യത്തെ ക്രമാനുഗതമായി അവലോകനം ചെയ്യാനും അതിനനുസരിച്ച് തങ്ങളുടെ പ്രവർത്തനങ്ങളെ രൂപകൽപ്പന ചെയ്യാനും കഴിയും. കോർപ്പറേറ്റ്-മാഫിയ താത്പര്യങ്ങൾ ജനേച്ഛകൾക്ക് മേൽ അടിച്ചേൽപ്പിക്കുന്നതിന് ഇ.എസ്.എ തടസ്സമായി മാറും.



**ജനങ്ങൾ നിശ്ചയിക്കും**

ഇ.എസ്.എ വിജ്ഞാപനം ഒരു ജനകീയ പങ്കാളിത്ത പ്രവർത്തനമാണ്. ഒരു പ്രദേശം ഇ.എസ്.എ ആയി പ്രഖ്യാപിച്ചുകഴിഞ്ഞാൽ അതിന്റെ അതിരുകൾ തീരുമാനിക്കേണ്ടതും വഹനക്ഷമതയ്ക്കനുസരിച്ചുള്ള വികസന പ്രവർത്തനങ്ങൾ തീരുമാനിക്കേണ്ടതും ഗ്രാമസഭകളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ചേർന്നാണ്. അങ്ങനെ ഗ്രാമസഭകളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ചേർന്ന് തയ്യാറാക്കുന്ന കരട് രൂപരേഖയാണ് വിശദമായ ചർച്ചകൾക്ക് ശേഷം അന്തിമരൂപത്തിലാക്കി, ഇ.എസ്.എ വിജ്ഞാപനത്തിനായി സംസ്ഥാന സർക്കാറിന് സമർപ്പിക്കുന്നത്. കേന്ദ്ര പരിസ്ഥിതി മന്ത്രാലയമാണ് അന്തിമമായി ആ പ്രദേശം ഇ.എസ്.എ ആയി പ്രഖ്യാപിക്കേണ്ടത്. കേന്ദ്രമന്ത്രാലയം അന്തിമ തീരുമാനമെടുക്കുന്നെങ്കിലും ഓരോ ഇ.എസ്.എയുടെയും മാസ്റ്റർ പ്ലാനുകൾ പ്രാദേശികമായാണ് തയ്യാറാക്കപ്പെടുന്നത്. അത്തരത്തിലുള്ള ഓരോ ഇ.എസ്.എകൾക്കും 20 വർഷത്തേക്കുള്ള ഒരു മാസ്റ്റർ പ്ലാൻ ഉണ്ടാകണം. ഈ പ്രക്രിയയനുസരിച്ച് കട്ടപ്പനയെ ഇ.എസ്.എ പരിധിയിൽ നിന്നും ഒഴിവാക്കണമെങ്കിൽ അത് ആ പരിധിയിൽ വരുന്ന ഗ്രാമസഭകൾക്കും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും ചേർന്ന് തീരുമാനിക്കാൻ കഴിയുന്നതേയുള്ളൂ. അതിനുള്ള അധികാരമാണ് ഗാഡ്ഗിൽ റിപ്പോർട്ട് അവർക്ക് നൽകിയത്. ആ അധികാരത്തെ കൂടുതൽ വികസിതമാക്കുന്നതിന് പകരം അധികാരമൊന്നും വേണ്ട, ഞങ്ങളെ ഒന്ന് ഒഴിവാക്കി തന്നാൽ മതി എന്ന അത്യന്തം പ്രതിലോമകരമായ സമീപനമാണ് മിക്ക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും കൈക്കൊണ്ടത്.

എന്നാൽ മഹാരാഷ്ട്രയിലെ സിന്ധുദുർഗ് ജില്ലയിലെ 25 ഗ്രാമസഭകൾ തങ്ങളുടെ ഗ്രാമത്തെ ഇ.എസ്.എയിൽ ഉൾപ്പെടുത്തണമെന്ന് പ്രമേയം പാസാക്കി ഗാഡ്ഗിൽ കമ്മിറ്റിയോട് അഭ്യർത്ഥിക്കുകയുണ്ടായി. ഇ.എസ്.എയിൽ ഉൾപ്പെട്ടാൽ ഇപ്പോൾത്തന്നെ ഖനനം കാരണം പൊറുതിമുട്ടുന്ന ഗ്രാമങ്ങളിലേക്ക് പുതിയ ഖനന പദ്ധതികൾ വരില്ലെന്ന് അവർ തിരിച്ചറിഞ്ഞു. റിപ്പോർട്ടിൽ ഇക്കാര്യം പ്രത്യേകം എടുത്തുപറയുന്ന മാധവ്ഗാഡ്ഗിൽ, സിന്ധുദുർഗ് ജില്ലയിലെ ദോഡാമാർഗ് താലൂക്കിലെ ഒരു ഗ്രാമസഭ പാസാക്കിയ പ്രമേയത്തിന്റെ സംക്ഷിപ്തരൂപം കൊടുത്തിട്ടുമുണ്ട്. "ഞങ്ങളുടെ പ്രദേശം പരിസ്ഥിതി ദുർബല പ്രദേശമായതിനാൽ ഇവിടത്തെ വികസനപദ്ധതി തയ്യാറാക്കേണ്ടത് സർക്കാറും ഗ്രാമവാസികളും കൂടിയാണ്. ഖനനപ്രവർത്തനങ്ങൾ ജീവന് ഹാനികരമാണെന്ന് മാത്രമല്ല, നമ്മുടെ വരുമാന സ്രോതസ്സിനെ അത് നശിപ്പിക്കുന്നു. ഇത്തരം പ്രോജക്ടുകൾക്ക് പകരം ഞങ്ങൾ ആഗ്രഹിക്കുന്നത് ഞങ്ങളുടെ ഗ്രാമം ഒരു പരിസ്ഥിതി ദുർബല പ്രദേശമായി പ്രഖ്യാപിക്കണമെന്നാണ്." ഗ്രാമസഭയുടെ പ്രമേയം പറയുന്നു. (ബോക്സ് 6, ഗാഡ്ഗിൽ റിപ്പോർട്ട്).

**ഗാഡ്ഗിൽ-കസ്തൂരി ഇ.എസ്.എ**

1986ലെ പരിസ്ഥിതി സംരക്ഷണ നിയമം ഇ.എസ്.എകളെക്കുറിച്ച് പറയുന്നുണ്ടെങ്കിലും

പരിസ്ഥിതി ലോല പ്രദേശങ്ങൾ നിർണ്ണയിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ നിശ്ചയിക്കുന്നതിനായി 1999ലാണ് ഒരു സമിതിയെ (പ്രണാബ്സെൻ കമ്മിറ്റി) ആദ്യമായി നിയോഗിക്കുന്നത്. 2000ൽ ഈ സമിതി 20 മാനദണ്ഡങ്ങളുള്ള റിപ്പോർട്ട് സമർപ്പിച്ചു. ഈ മാനദണ്ഡങ്ങളെ മുന്നിൽ വച്ചാണ് ഗാഡ്ഗിൽ കമ്മിറ്റി പശ്ചിമഘട്ട മേഖലയിലെ പാരിസ്ഥിതിക ലോല പ്രദേശങ്ങൾ കണ്ടെത്തിയത്. ഗാഡ്ഗിൽ റിപ്പോർട്ട് വരുന്നതിന് മുമ്പ് തന്നെ ഇന്ത്യയിൽ ഇ.എസ്.എ വിജ്ഞാപനം ചെയ്തിട്ടുണ്ടെങ്കിലും ഗാഡ്ഗിൽ കമ്മിറ്റിയാണ് വിപുലമായ ഒരു നയപരിപാടി ഇ.എസ്.എകൾക്കായി ആദ്യം മുന്നോട്ട് വയ്ക്കുന്നത്. ഇ.എസ്.എകളിലെ ആസൂത്രണ പ്രക്രിയയെ ഏകോപിപ്പിക്കുന്നതിന് വേണ്ടിയാണ് പശ്ചിമഘട്ട പരിസ്ഥിതി അതോറിറ്റി രൂപീകരിക്കണമെന്ന നിർദ്ദേശം ഗാഡ്ഗിൽ സമിതി മുന്നോട്ട് വച്ചത്. എന്നാൽ പശ്ചിമഘട്ട പരിസ്ഥിതി അതോറിറ്റിക്ക് തുല്യമായ ഒരു നിർദ്ദേശം കസ്തൂരിരംഗൻ റിപ്പോർട്ടിൽ പറയുന്നില്ല. ഇ.എസ്.എകൾ നടപ്പിലാക്കുന്നതിനായി നിലവിലുള്ള സംസ്ഥാന വകുപ്പുകളെയും ബോർഡുകളെയും ഏജൻസികളെയും ശാക്തീകരിച്ചാൽ മതിയെന്നാണ് കസ്തൂരിരംഗന്റെ നിർദ്ദേശം. എന്നാൽ ഇത്തരം ഏജൻസികൾ മിക്കതും സംസ്ഥാനത്തിന്റെ സ്വാർത്ഥതാല്പര്യങ്ങളോടൊപ്പം നിൽക്കുന്ന വെറും റബ്ബർ സ്റ്റാമ്പുകളാണെന്നാണ് മുൻ അനുഭവം. ജനങ്ങൾക്കധികാരമുള്ള പൊതു അഭിപ്രായരൂപീകരണത്തോട് ഇവർ എപ്പോഴും എതിർപ്പ് പ്രകടിപ്പിക്കുകയും അതിൽ വെള്ളം ചേർക്കാൻ ശ്രമിക്കുകയും ചെയ്യാറുണ്ട്.

മനുഷ്യവാസമുള്ളതും സംരക്ഷിത വന പ്രദേശങ്ങൾ, വന്യജീവിസംരക്ഷണകേന്ദ്രങ്ങൾ എന്നിവയ്ക്ക് പുറത്തുള്ളതുമായ താലൂക്കുകൾക്ക്/ഗ്രാമങ്ങൾക്ക് പ്രാധാന്യം കൊടുത്തുകൊണ്ടുള്ള സമ്പ്രദായമാണ് ഗാഡ്ഗിൽ കമ്മിറ്റി പിന്തുടർന്നിട്ടുള്ളത്. എന്നാൽ മനുഷ്യവാസമുള്ള പ്രദേശങ്ങളിലെ പ്രകൃതി മൂല്യത്തെ അവഗണിക്കുന്ന രീതിയിലാണ് കസ്തൂരിരംഗൻ കമ്മിറ്റി ഇ.എസ്.എകളുടെ വർഗ്ഗീകരണം നടത്തിയത്. ഇ.എസ്.എയിൽ വരാവുന്ന നിരവധി പഞ്ചായത്തുകളെ ഒഴിവാക്കിയാണ് ആകെയുള്ള 4156 ഇ.എസ്.എ വില്ലേജുകൾ കസ്തൂരിരംഗൻ കമ്മിറ്റി പ്രഖ്യാപിച്ചിരിക്കുന്നത്. ഉദാഹരണത്തിന് തൃശൂർ ജില്ലയിൽ പരിയാരം വില്ലേജ് മാത്രമാണ് ഇ.എസ്.എ ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. അതേസമയം പീച്ചി-വാഴാനി വന്യജീവികേന്ദ്രങ്ങളോട് ചേർന്ന് സ്ഥിതിചെയ്യുന്ന നിരവധി ഗ്രാമങ്ങൾ ഒഴിവാക്കപ്പെടുകയും ചെയ്തു.

**ഗാഡ്ഗിൽ നടപ്പിലാക്കണം**

ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ട് നടപ്പിലാക്കണമെന്ന് ആവശ്യപ്പെട്ട് വിവിധ പരിസ്ഥിതി, ആദിവാസി, കർഷക, സംഘടനകളുടെ നേതൃത്വത്തിലുള്ള ജനകീയ സംഘം വയനാട്ടിൽ യോഗം നടത്തി. കുടിയേറ്റ കർഷകജനതയുടെപേരിൽ വളരുന്ന പാരിസ്ഥിതി കാവബോധത്തെ തകിടംമറിക്കാൻ ശ്രമിക്കുന്നവരാണ് ഗാഡ്ഗിൽ റിപ്പോർട്ട് നടപ്പിലായാൽ വയനാട്ടുകാർ കുടിയിറങ്ങേണ്ടിവരുമെന്ന കുപ്രചാരണം നടത്തുന്നതെന്ന് യോഗം വിലയിരുത്തി.

### ജനവാസകേന്ദ്രങ്ങളിലെ സംരക്ഷണം

നിർമ്മാണ പ്രവർത്തനങ്ങൾക്കൊന്നും ഒരു കാലത്തും പരിസ്ഥിതി സംരക്ഷിച്ച് ശീലമില്ലാത്തവരാണ് ഇന്ത്യാക്കാർ. പരിസ്ഥിതി സംരക്ഷണം എന്നാൽ സംരക്ഷിത വനപ്രദേശങ്ങൾക്ക് മാത്രം ബാധകമായ എന്തോ ഒന്നായാണ് പരിഗണിക്കപ്പെടാറുള്ളത്. എന്നാൽ നിയമപ്രകാരം സംരക്ഷിതമല്ലാത്ത പ്രദേശങ്ങളിൽ/ജനവാസകേന്ദ്രങ്ങളിൽ മനുഷ്യഇടപെടൽ എങ്ങനെയാകണം എന്നതിനെക്കുറിച്ചുള്ള ഒരു മാനദണ്ഡം ആസൂത്രണ പ്രക്രിയയിൽ എവിടെയുമുണ്ടായിരുന്നില്ല, തീരദേശങ്ങൾക്ക് ബാധകമായ സി.ആർ. ഇസഡ് (Coastal Regulation Zone- CRZ) നിയമം ഒഴികെ. ഒരു പ്രദേശത്തിന്റെ ജൈവസവിശേഷതകൾ, ഉയരം/ചരിവ്, കാലാവസ്ഥ ഒന്നും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ആസൂത്രണ പ്രക്രിയയിൽ ഒട്ടും പ്രധാന ഘടകങ്ങളായിരുന്നില്ല. ജനകീയാസൂത്രണം പോലും കേവലം ധനവിനിയോഗത്തിന്റെ വികേന്ദ്രീകരണം മാത്രമായി ചുരുങ്ങി. പശ്ചിമഘട്ട പ്രദേശങ്ങളെല്ലാം അതിന്റെ ദുരന്തങ്ങളിലാണ് എന്നത് ഇന്ന് വളരെ പ്രകടമായ കാര്യമാണ്. അത്തരം ദുരന്തങ്ങൾ ആവർത്തിക്കാതിരിക്കുന്നതിനും മനുഷ്യജീവിതം എക്കാലത്തേക്കും സാധ്യമാക്കുന്നതിനും വേണ്ടിയാണ് പാരിസ്ഥിതിക ലോലമായ പശ്ചിമഘട്ട പ്രദേശങ്ങളിൽ കൃത്യമായ നിബന്ധനകൾ ഗാഡ്ഗിൽ റിപ്പോർട്ട് ശുപാർശ ചെയ്തിരിക്കുന്നത്.

### ഇ.എഫ്.എൽ അല്ല ഇ.എസ്.എ

ഇ.എസ്.എ നിർദ്ദേശത്തെ ഇ.എഫ്.എൽ (Ecologically Fragile Land (Vesting and Management) Act) നിയമമായി പലരും തെറ്റിദ്ധരിച്ചതും പ്രശ്നമായി. ഇ.എഫ്.എൽ നിയമം ശരിക്കും ഒരു ടോപ്പ് ടു ഡൗൺ നിയമമാണ്. വനംവകുപ്പ് നടപ്പിലാക്കുന്ന, ജനങ്ങളുടെ ഇടപെടലുകളെ തടയുന്ന നിയമം. സാമൂഹിക നിയന്ത്രണങ്ങൾക്ക് പ്രാധാന്യം നൽകാതെ, വേലികെട്ടിത്തിരിച്ച് സംരക്ഷിക്കുന്ന അത്തരം കേന്ദ്രീകൃത നിയമങ്ങൾ പരിസ്ഥിതി സംരക്ഷണ നിയമങ്ങളെക്കുറിച്ച് ജനങ്ങളിൽ ഭയം സൃഷ്ടിക്കാൻ കാരണമായിട്ടുണ്ട്. ആ ഭയത്തെ ദൂരീകരിക്കാനുള്ള ശ്രമം കൂടിയായിരുന്നു ജനകീയ സംരക്ഷണത്തിലൂടെ, സാമൂഹികമായ പാരിസ്ഥിതിക നിയന്ത്രണ

ത്തിലൂടെ ഗാഡ്ഗിൽ റിപ്പോർട്ട് മുന്നോട്ട് വച്ചത്. മാത്രമല്ല, കൃത്യമായ മേഖലാവിഭജനം നടത്തിക്കൊണ്ട് (ഇ.എസ്.ഇസഡ് 1,2,3) ഓരോ പ്രദേശത്തിന്റെയും പാരിസ്ഥിതിക പ്രാധാന്യത്തിനനുസരിച്ചുള്ള വിഭവ വിനിയോഗ രീതിയാണ് ഗാഡ്ഗിൽ റിപ്പോർട്ട് മുന്നോട്ട് വച്ചത്. നിലവിൽ കേരളത്തെയോ ഇന്ത്യയേയോ ഒറ്റ യൂണിറ്റായി പരിഗണിക്കുന്ന വികസന രീതിശാസ്ത്രത്തിന്റെ അപര്യാപ്തതകൾ പരിഹരിക്കുന്നതിനുള്ള ശ്രമമായെങ്കിലും തദ്ദേശീയതയ്ക്ക് ഊന്നൽ നൽകുന്ന ഈ റിപ്പോർട്ടിനെ പരിഗണിക്കേണ്ടതായിരുന്നു.

**ഗാഡ്ഗിലിന് ഇനിയും സാധ്യതയുണ്ട്**

കസ്തൂരിരംഗൻ റിപ്പോർട്ടിന് കേന്ദ്ര പരിസ്ഥിതി മന്ത്രാലയം അംഗീകാരം നൽകി എന്നതുകൊണ്ട് ഗാഡ്ഗിൽ റിപ്പോർട്ടിന്റെ സാധ്യതകൾ ഇല്ലാതെയാകുന്നില്ല. ഗാഡ്ഗിൽ റിപ്പോർട്ട് നടപ്പിലാക്കണമെന്ന് ആവശ്യപ്പെട്ട് ഗോവ ഫൗണ്ടേഷനും പശ്ചിമഘട്ട സംരക്ഷണത്തിനായി പ്രവർത്തിക്കുന്ന വിവിധ സന്നദ്ധ സംഘടനകളും നൽകിയ കേസ് ഇപ്പോഴും ദേശീയ ഹരിത ട്രിബ്യൂണലിന്റെ പരിഗണനയിലാണ്. പശ്ചിമഘട്ട സംരക്ഷണത്തിന് അനുഗുണമായത് ഗാഡ്ഗിൽ റിപ്പോർട്ട് ആണെന്ന് ബോധ്യമായാൽ അതാണ് നടപ്പിലാക്കണമെന്ന് കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിനോട് ആവശ്യപ്പെടാൻ ഹരിത ട്രിബ്യൂണലിന് കഴിയും. ഗാഡ്ഗിൽ സമിതി റിപ്പോർട്ട് നിയമപരമാണെന്ന ദേശീയ ഹരിത ട്രിബ്യൂണൽ ഉത്തരവിനെതിരായി കേരള സർക്കാർ നൽകിയ ഹർജി സുപ്രീംകോടതി തള്ളിയതും നിർണ്ണായകമായിത്തീർന്നു. പശ്ചിമഘട്ടത്തെ സംബന്ധിച്ച റിപ്പോർട്ടുകളിൽ കേന്ദ്ര സർക്കാർ തീരുമാനമെടുക്കും വരെ ഹരിത ട്രിബ്യൂണലിന്റെ നിർദേശം പാലിക്കപ്പെടുന്നതിൽ കുഴപ്പമൊന്നുമില്ലെന്നും പരിസ്ഥിതി സംരക്ഷണത്തിന് ഗാഡ്ഗിൽ റിപ്പോർട്ടിൽ വ്യവസ്ഥകളുണ്ടെങ്കിൽ സംസ്ഥാന സർക്കാർ സന്തോഷിക്കുകയാണ് വേണ്ടതെന്നുമാണ് ജഡ്ജിമാരായ എച്ച്.എൽ. ദത്തു, എം.വൈ. ഇക്ബാൽ എന്നിവരുടെ ബഞ്ച് വ്യക്തമാക്കിയത്. കേരളത്തിന്റെ ഹർജി ദേശീയ ഹരിത ട്രിബ്യൂണൽ നേരത്തെ തള്ളിയതിനെ തുടർന്നാണ് കേരളം സുപ്രീം കോടതിയെ സമീപിച്ചത്.

> പശ്ചിമഘട്ടത്തിന്റെ വിവിധ മേഖലകളിൽ, വിവിധങ്ങളായ പ്രശ്നങ്ങളെ അഭിസംബോധന ചെയ്തുകൊണ്ട് നടക്കുന്ന പ്രതിഷേധങ്ങൾ ഒരുമിക്കുകയും പശ്ചിമഘട്ടം എന്ന പാരിസ്ഥിതിക വ്യൂഹത്തെ ഒന്നാകെ പരിഗണിക്കുന്ന ഐക്യധ്വനികൾ മുഴക്കുകയും ചെയ്താൽ മാത്രമാണ് എന്തെങ്കിലും സാധ്യതകൾ അവശേഷിക്കുകയുള്ളൂ

എന്നാൽ കോടതികളിലും സർക്കാർ തലങ്ങളിലും എടുക്കപ്പെടാൻ പോകുന്ന അന്തിമ തീരുമാനങ്ങൾ പശ്ചിമഘട്ടം സംരക്ഷിക്കാൻ ഉതകുന്നതാകണമെങ്കിൽ ഗാഡ്ഗിൽ റിപ്പോർട്ടിന്റെ പ്രാധാന്യം വ്യക്തമാക്കുന്ന ജനകീയ ശബ്ദങ്ങൾ കൂടുതൽ ഉച്ചത്തിൽ ഉയർന്നു കേൾക്കേണ്ടതുണ്ട്. സ്വാർത്ഥതാത്പര്യങ്ങൾ ഉയർത്തിവിട്ട സംശയങ്ങളെ വസ്തുതാപരമായി പ്രതിരോധിക്കാനും ആശങ്കയിലായ കർഷക സമൂഹങ്ങളെയും മലയോരങ്ങളിലെ സാമാന്യ ജനവിഭാഗങ്ങളെയും യാഥാർത്ഥ്യം ബോധ്യപ്പെടുത്താനും പരിസ്ഥിതി പ്രവർത്തകർക്ക് ഇനിയും കഴിയേണ്ടതുണ്ട്. അത്തരത്തിൽ തദ്ദേശീയ ജനസമൂഹങ്ങളുടെ പിന്തുണയോടെ ഉയർന്നുവരേണ്ട പ്രക്ഷോഭത്തിന്റെ കൈകളിലാണ് ഗാഡ്ഗിൽ റിപ്പോർട്ടിന്റെ, പശ്ചിമഘട്ട സംരക്ഷണത്തിന്റെ ഭാവി തീരുമാനിക്കപ്പെടുന്നത്. നിലവിലെ സ്ഥിതി അതിദയനീയമാണ്. പരിസ്ഥിതിയെ പരിഗണിക്കുന്ന വികസനാസൂത്രണ പ്രക്രിയയിലേക്കുള്ള മാറ്റത്തെ ഭയപ്പെടുന്ന വിഭവചൂഷകരുടെ ശബ്ദമാണ് പ്രബലമായി നിൽക്കുന്നത്. അവർ സംശയത്തിലാഴ്ത്തിയ ജനങ്ങളാണ് ഗാഡ്ഗിൽ വിരുദ്ധ പ്രക്ഷോഭങ്ങളിൽ അണിനിരക്കുന്നത്. തെരഞ്ഞെടുപ്പ് കാലമായപ്പോഴേക്കും ആ പ്രതിഷേധ ശബ്ദങ്ങളെ ആശ്ലേഷിക്കാനും ഹർത്താൽ നടത്തി, സംശയനിവാരണത്തിനും സംവാദത്തിനും ഇടമില്ലാത്ത വിധം ജനങ്ങളുടെ സന്ദേഹത്തെ ഊട്ടിയുറപ്പിക്കാനും രാഷ്ട്രീയ പാർട്ടികളും രംഗത്തെത്തിയിട്ടുണ്ട്. പശ്ചിമഘട്ടത്തിന്റെ പാരിസ്ഥിതിക പ്രാധാന്യം ബോധ്യപ്പെടുത്തുന്ന തരത്തിലുള്ള വിപുലമായ ഇടപെടലുകളുടെ അഭാവം അവരുടെ നീക്കങ്ങളെ ശക്തിപ്പെടുത്തുന്നുണ്ട്. പശ്ചിമഘട്ടത്തിന്റെ വിവിധ മേഖലകളിൽ, വിവിധങ്ങളായ പ്രശ്നങ്ങളെ അഭിസംബോധന ചെയ്തുകൊണ്ട് നടക്കുന്ന പ്രതിഷേധങ്ങൾ ഒരുമിക്കുകയും പശ്ചിമഘട്ടം എന്ന പാരിസ്ഥിതിക വ്യൂഹത്തെ ഒന്നാകെ പരിഗണിക്കുന്ന ഐക്യധ്വനികൾ മുഴക്കുകയും ചെയ്താൽ മാത്രമാണ് എന്തെങ്കിലും

സാധ്യതകൾ അവശേഷിക്കുകയുള്ളൂ.

**വേണ്ട കസ്തൂരിരംഗൻ**

ഗാഡ്ഗിൽ റിപ്പോർട്ട് മുന്നോട്ട് വച്ച പരിസ്ഥിതി സംരക്ഷണ മാനദണ്ഡങ്ങളെ പൂർണ്ണമായും നിർവീര്യമാക്കിക്കൊണ്ട് പുറത്തുവന്ന കസ്തൂരിരംഗൻ റിപ്പോർട്ട് ഇനിയും വീര്യം കുറയ്ക്കൽ നടപടികൾക്ക് വിധേയമാകുമെന്ന സൂചനകളാണ് കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിൽ നിന്നും ലഭിക്കുന്നത്. കസ്തൂരിരംഗൻ കമ്മിറ്റിയെ നിയോഗിച്ചപ്പോൾ നൽകിയ വ്യവസ്ഥകളെ പോലും പൂർണ്ണമായും തള്ളിക്കളഞ്ഞ റിപ്പോർട്ടാണ് ആ ബഹിരാകാശ ശാസ്ത്രജ്ഞന്റെ നേതൃത്വത്തിലുള്ള വിദഗ്ധ സംഘം സമർപ്പിച്ചത്. പശ്ചിമഘട്ടത്തിന്റെ പാരിസ്ഥിതികാവസ്ഥയെക്കുറിച്ച് പഠിക്കുന്നതിനും സംരക്ഷണ നടപടികൾ ആരായുന്നതിനുമാണ് ഗാഡ്ഗിൽ കമ്മിറ്റി നിയോഗിച്ചത്.

എന്നാൽ എന്തായിരുന്നു കസ്തൂരിരംഗൻ കമ്മിറ്റിയെ നിയോഗിച്ചതിന് പിന്നിലെ ഉദ്ദേശം? കസ്തൂരിരംഗൻ റിപ്പോർട്ടിന്റെ 28ാം പേജിൽത്തന്നെ പറയുന്നു, ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ടിനെപ്പറ്റി നിരവധി പ്രതികരണങ്ങളുണ്ടായതിനാൽ പശ്ചിമഘട്ട പരിസ്ഥിതി പാനൽ (ഗാഡ്ഗിൽ കമ്മിറ്റി) റിപ്പോർട്ട് സംബന്ധിച്ച് എന്ത് ഭാവി നടപടികൾ സ്വീകരിക്കണമെന്നാലോചിക്കാനാണ് കസ്തൂരിരംഗൻ സമിതിയെ നിയോഗിച്ചത്. ആ നടപടികൾ കൃത്യമായി കണ്ടെത്തി പ്രവർത്തന പദ്ധതിയുണ്ടാക്കാനും നിർദ്ദേശിച്ചു. എന്നാൽ ഇതിൽ നിന്നും തീർത്തും വഴിമാറിയാണ് കസ്തൂരിരംഗൻ കമ്മിറ്റി പ്രവർത്തിച്ചത്. ഗാഡ്ഗിൽ റിപ്പോർട്ടിനെ തീർത്തും അപ്രസക്തമാക്കുന്ന കസ്തൂരിരംഗൻ റിപ്പോർട്ട്, പശ്ചിമഘട്ട സംരക്ഷണത്തിനായി വ്യക്തമായ നിർദ്ദേശങ്ങളൊന്നും മുന്നോട്ട് വയ്ക്കുന്നുമില്ല. പശ്ചിമഘട്ടത്തിന്റെ വെറും 37 ശതമാനം മാത്രം 'സ്വാഭാവിക ഭൂപ്രദേശ'മെന്ന പേരിൽ സംരക്ഷണത്തിനായി പരിഗണിച്ചാൽ മതിയെന്നാണ് കസ്തൂരിരംഗന്റെ പക്ഷം. ശേഷിക്കുന്ന സ്ഥലം 'സാംസ്കാരിക ഭൂപ്രദേശ'മെന്ന പേരിൽ എന്തുതരം വികസനത്തിനും തുറന്നുകൊടുക്കാമെന്ന് റിപ്പോർട്ട് വ്യക്തമാക്കുന്നു. ആകെയുള്ള 1,64,280 ചതുരശ്ര കിലോമീറ്റർവരുന്ന പശ്ചിമഘട്ടത്തിന്റെ 60,000 ചതുരശ്ര കിലോമീറ്റർ മാത്രമാണ് സംരക്ഷിക്കാൻ ആവശ്യപ്പെടുന്നത്. മറ്റ് പല നിയമങ്ങളാൽ നിലവിൽ സംരക്ഷിക്കപ്പെടുന്ന പ്രദേശങ്ങളാണ് കസ്തൂരിരംഗൻ പറയുന്ന ഈ 37 ശതമാനം പ്രദേശം. സംരക്ഷിത വനങ്ങളും ദേശീയോദ്യാനങ്ങളും ഉൾപ്പെടുന്ന ആ പ്രദേശങ്ങളുടെ സംരക്ഷണത്തിനായി കൂടുതൽ നിർദ്ദേശങ്ങൾ മുന്നോട്ടുവയ്ക്കുക എന്നതായിരുന്നില്ല കസ്തൂരിരംഗൻ കമ്മിറ്റിയിലൂടെ പരിസ്ഥിതി മന്ത്രാലയം ഉദ്ദേശിച്ചിരുന്നത്. ബഹുതല സമീപനം സ്വീകരിക്കേണ്ട ജൈവതുടർച്ചയുള്ള ഒരു വലിയ ഭൂപ്രദേശം എന്നതിന് പകരം ചില തുരുത്തുകൾ മാത്രമായാണ് കസ്തൂരിരംഗൻ പശ്ചിമഘട്ടത്തെ പരിഗണിച്ചത്. കസ്തൂരിരംഗൻ കമ്മിറ്റി പറയുന്ന, ജനവാസം കൂടുതലുള്ള സാംസ്കാരിക ഭൂപ്രദേശത്താണ് പ്രകൃതിവിഭവങ്ങൾക്കുമേൽ കൂടുതൽ സമ്മർദമുണ്ടാകുന്നത് എന്നത് സമകാലിക അനുഭവങ്ങളിൽ നിന്നും വ്യക്തമാണ്. എന്നിട്ടും ആ പ്രദേശങ്ങളെ നിരുത്തരവാദപരമായി ഒഴിവാക്കി എന്നതുതന്നെയാണ് കസ്തൂരിരംഗൻ കമ്മിറ്റി റിപ്പോർട്ട് തള്ളിക്കളയേണ്ടുന്നതിന്റെ അടിസ്ഥാന കാരണം.

**സംരക്ഷണം ജനപങ്കാളിത്തത്തോടെ**

ഒരു വലിയ ജനവാസമേഖല എന്ന നിലയിൽ പശ്ചിമഘട്ട പ്രദേശത്തെ പരിഗണിക്കാത്ത കസ്തൂരിരംഗൻ കമ്മിറ്റി, ജനപ്രാതിനിധ്യമില്ലാത്ത, സംരക്ഷണ ശാസ്ത്രത്തിന്റെ പഴയ മാമൂലുകളെ തന്നെയാണ് അടിസ്ഥാനമായി എടുത്തിരിക്കുന്നത്. എന്നാൽ ഗാഡ്ഗിൽ കമ്മിറ്റി ജനങ്ങളെ ഒഴിവാക്കുകയും അവരുടെ പങ്കാളിത്തം നിഷേധിക്കുകയും ചെയ്യുന്ന സംരക്ഷണം സാധ്യമല്ലെന്ന വ്യക്തമായ നിലപാടിൽ ഉറച്ചുനിന്നുകൊണ്ടാണ് റിപ്പോർട്ടിന്റെ അന്തഃസത്ത നിർമ്മിച്ചിരിക്കുന്നത്. ഭരണഘടനയുടെ 73, 74 ഭേദഗതികളെക്കുറിച്ച് സൂചിപ്പിച്ചുകൊണ്ട് വികസനകാര്യങ്ങളിലെ ജനപങ്കാളിത്തത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് ഗാഡ്ഗിൽ റിപ്പോർട്ട് വ്യക്തമായി പറയുന്നു. ജനങ്ങളെ ഒഴിവാക്കുന്ന വികസന–സംരക്ഷണ പ്രവർത്തനങ്ങളുടെ ദുരനുഭവങ്ങൾ, മഹാരാഷ്ട്രയിലെ രത്നഗിരി ജില്ലയിലെ മഹാരാഷ്ട്ര ഇൻഡസ്ട്രിയൽ ഡവലപ്മെന്റ് കോർപ്പറേഷന്റെ കെമിക്കൽ ഹബ്ബ് തൊഴിൽരഹിതരാക്കിയ 20,000 മത്സ്യത്തൊഴിലാളികളുടെയും കർണ്ണാടകയിലെ ബി.ആർ.ടി ഹിൽസ് വന്യജീവി സംരക്ഷണകേന്ദ്രത്തിലെ സോളിഗ ആദിവാസി വിഭാഗത്തിന് വനംവകുപ്പിന്റെ കടുംപിടുത്തം കാരണം ഉപജീവനം നഷ്ടമായതിന്റെയും അനുഭവങ്ങൾ വിവരിച്ചുകൊണ്ട് ഗാഡ്ഗിൽ റിപ്പോർട്ട് സൂചിപ്പിക്കുന്നുണ്ട്. (ബോക്സ് 1, 2 – ഗാഡ്ഗിൽ റിപ്പോർട്ട്).

കാടുകളെ വിശുദ്ധവനങ്ങളായിക്കരുതി സംരക്ഷിച്ചിരുന്ന ഇന്ത്യയിലെ തനതുരീതികളുടെ പാരമ്പര്യത്തെക്കുറിച്ച് പറയുന്ന ഗാഡ്

**ട്രിബ്യൂണൽ ഉത്തരവ്**

പശ്ചിമഘട്ടത്തിലെ പരിസ്ഥിതി ദുർബല പ്രദേശങ്ങളിൽ പുതിയ വികസന പദ്ധതികൾക്ക് അനുമതി നൽകുമ്പോൾ ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ടിലെ വ്യവസ്ഥകൾ പാലിക്കണമെന്ന ഉത്തരവ് ദേശീയ ഹരിത ട്രിബ്യൂണൽ ഭേദഗതി ചെയ്തു. ഗാഡ്ഗിൽ, കസ്തൂരിരംഗൻ റിപ്പോർട്ടിലെയോ മറ്റ് സമാനമായ റിപ്പോർട്ടുകളിലെയോ വ്യവസ്ഥകൾ പ്രകാരം അനുമതി നൽകാമെന്നാണ് ഭേദഗതി. ഗോവ ഫൗണ്ടേഷന്റെ ഹർജി പരിഗണിക്കവെയാണ് ഉത്തരവ്.



ഗിൽ റിപ്പോർട്ട്, സംരക്ഷിത പ്രദേശങ്ങളുടെ രൂപത്തിൽ നടപ്പിലാക്കിയ ഔദ്യോഗിക വന പരിപാലന സംരംഭങ്ങൾ ജൈവവൈവിധ്യത്തെ നശിപ്പിക്കുന്നെന്ന പേരിൽ തദ്ദേശീയരെ കാട്ടിൽ നിന്നും ഒഴിവാക്കുന്നതിന് ഊന്നൽ കൊടുത്തതിനെ രൂക്ഷമായി വിമർശിക്കുകയും ചെയ്യുന്നുണ്ട്. പഞ്ചായത്തീരാജ് ഭരണസംവിധാനങ്ങളുമായി ഒരുകാലത്തും സഹകരിക്കാൻ തയ്യാറാകാതിരുന്ന സർക്കാർ സംവിധാനമാണ് വനംവകുപ്പെന്നും റിപ്പോർട്ട് ഓർമ്മപ്പെടുത്തുന്നു. അത്തരം കർക്കശമായ ചട്ടക്കൂടുകൾക്കുള്ളിൽ നിന്നുകൊണ്ട് പരിസ്ഥിതിയെ സംരക്ഷിക്കാൻ കഴിയില്ലെന്ന് ലോകം തിരിച്ചറിഞ്ഞുകൊണ്ടിരിക്കുകയാണ്. പാരിസ്ഥിതിക-സാമൂഹിക-സാമ്പത്തിക സാഹചര്യങ്ങളെ കണക്കിലെടുത്തുകൊണ്ട് ,ചെയ്യാവുന്നതെന്ത്, ചെയ്യാൻ പാടില്ലാത്തതെന്ത് എന്ന് വികസനകാര്യങ്ങളെ തരംതിരിക്കാൻ കഴിയുന്ന ഒരു സംവിധാനമാണ് വേണ്ടതെന്നാണ് ഗാഡ്ഗിൽ റിപ്പോർട്ട് പറയുന്നത് (Adaptive co-management- ബോക്സ് 3, ഗാഡ്ഗിൽ റിപ്പോർട്ട്). ഇത്തരത്തിൽ, വികസനാസൂത്രണത്തെ ഒരു ധനകേന്ദ്രീകൃതകാര്യം മാത്രമാക്കി സ്വാംശീകരിച്ച ഭരണനിർവ്വഹണ സംവിധാനങ്ങളെ ജനാധിപത്യപരമായി പൊളിച്ചെഴുതാനുള്ള ശ്രമമാണ് ഗാഡ്ഗിൽ റിപ്പോർട്ട് മുന്നോട്ട് വച്ചത്.

വിവിധ ജ്ഞാനസമ്പ്രദായങ്ങളെ ഏകീകരിക്കുകയും പ്രവൃത്തിയിൽ നിന്നും പഠിക്കുകയും (learning by doing) ജനസമൂഹത്തിനിടയിൽ സഹകരണവും അധികാരം പങ്കുവയ്ക്കലും വിപുലപ്പെടുത്തുകയും അയഞ്ഞ ചട്ടക്കൂടുള്ളതുമായ സാമൂഹിക-പാരിസ്ഥിതിക ഭരണ സംവിധാനമാണ് ഗാഡ്ഗിൽ റിപ്പോർട്ട് പശ്ചിമഘട്ട മേഖലയ്ക്കായി മുന്നോട്ട് വയ്ക്കുന്നത്. ചുരുക്കത്തിൽ, പരിസ്ഥിതി ലോല പ്രദേശങ്ങളെ സംരക്ഷിക്കുന്നതിനുള്ള അധികാരവും വിവിധ പ്രവർത്തനങ്ങളെ ഏകോപിപ്പിച്ച് അത് നടപ്പിലാക്കുന്നതിനുള്ള മുൻകൈകളും ജനങ്ങളെ ഏൽപ്പിക്കുകയാണ് ഗാഡ്ഗിൽ ചെയ്തത്. തിരിച്ച് ജനങ്ങൾ ചെയ്തതെന്താണ്? ജനങ്ങളെ ഒഴിവാക്കുന്ന തരത്തിലുള്ള സംരക്ഷണ പ്രവർത്തനങ്ങൾ പാടില്ലെന്ന് ശക്തമായി വാദിച്ച ഗാഡ്ഗിലിനെ അവർ തെറ്റിദ്ധരിച്ചു. (ഇന്ത്യയുടെ പാരിസ്ഥിതിക ചരിത്രം- വിണ്ടുകീറിയ ഈ ഭൂമി, എഴുതിയ കാലത്ത് തന്നെ ആ നിലപാട് വ്യക്തമാക്കിയിട്ടുള്ളയാളാണ് ഗാഡ്ഗിൽ). മലയോരജനതയെ അവരുടെ വാസസ്ഥലങ്ങളിൽ നിന്നും കുടിയിറക്കാനുള്ള പരിപാടിയാണ് ഗാഡ്ഗിൽ നടത്തുന്നതെന്ന് ആരോപിച്ച് കുടിയേറ്റ കർഷകർ അണിനിരന്നു. കിലയിൽ നടന്ന സെമിനാറിൽ വച്ച് ഗാഡ്ഗിലിനെ കയ്യേറ്റം ചെയ്യാൻ പോലും ഉടുമ്പൻചോല താലൂക്കിലെ പഞ്ചായത്തുകളിൽ നിന്നെത്തിയ ജനപ്രതിനിധികൾ ശ്രമിച്ചു. പാരിസ്ഥിതിക ബോധ്യങ്ങളിൽ നിന്നും കേരളീയർ എത്രമാത്രം അകന്നുപോയിരിക്കുന്നു എന്നത് കൂടുതൽ വ്യക്തമാക്കുന്നതായിരുന്നു ഗാഡ്ഗിൽ റിപ്പോർട്ടിനെതിരെയുണ്ടായ അത്തരം വൈകാരിക പ്രകടനങ്ങൾ.

എന്നാൽ ഖനനം ഉൾപ്പെടെയുള്ള രൂക്ഷമായ പാരിസ്ഥിതിക ദുരന്തങ്ങളുടെ ഇരകളായിത്തീർന്ന മഹാരാഷ്ട്രയിലെ പശ്ചിമഘട്ട മേഖലയിലെ ജനങ്ങൾ ഗാഡ്ഗിൽ റിപ്പോർട്ടിൽ പറഞ്ഞ ഇ.എസ്.എ നിർദ്ദേശത്തെ തങ്ങളുടെ അതിജീവനമാർഗ്ഗമായി എടുത്തിരിക്കുകയാണ്. ഖനനം കാരണം പാരിസ്ഥിതി കാഘാതങ്ങളുടെ കയങ്ങളിലേക്ക് വീണുപോയ മഹാരാഷ്ട്രയിലെ നിരവധി ഗ്രാമസഭകളും പഞ്ചായത്തുകളും ഗാഡ്ഗിൽ റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ നടപ്പിലാക്കണമെന്ന് ആവശ്യപ്പെട്ട് പ്രമേയം പാസാക്കി. പശ്ചിമഘട്ടത്തെ പരിസ്ഥിതി ലോല പ്രദേശമാക്കുന്നതിനെതിരെ കേരളത്തിൽ പ്രതിഷേധങ്ങൾ പുകയവെ മഹാരാഷ്ട്രയിലെ കർണ്ണാടകയോട് ചേർന്നുകിടക്കുന്ന സാവന്ത്വാഡി -ദോഡാമാർഗ് പ്രദേശം ഗാഡ്ഗിൽ റിപ്പോർട്ട് പ്രകാരം ഇ.എസ്.എ ആക്കാൻ നടപടിയെടു

ക്കണമെന്ന് ബോംബെ ഹൈക്കോടതി ഉത്തരവിട്ടിരിക്കുകയാണ്. കൊങ്കൺ മേഖലയിലെ ഒരു കാർഷിക ഗ്രാമമാണ് 35 കിലോമീറ്ററോളം നീളമുള്ള ഈ പ്രദേശം. കൂടാതെ റിസർവ് വനങ്ങളും കൃഷിചെയ്യാത്ത സമ്പന്ന ജൈവമേഖലയും ഈ പ്രദേശത്തിന്റെ ജൈവപ്രാധാന്യം വർദ്ധിപ്പിക്കുന്നു. പശ്ചിമഘട്ട സംരക്ഷണത്തിനായുള്ള ഗാഡ്ഗിൽ കമ്മിറ്റി ശുപാർശകൾ തങ്ങളുടെ മേഖലയിൽ നടപ്പാക്കണമെന്നും ഇ.എസ്.എ ആയി പ്രഖ്യാപിക്കണമെന്നും ആവശ്യപ്പെട്ട് 25 ഗ്രാമപ്പഞ്ചായത്തുകളിലെ 22 പഞ്ചായത്തുകളും പ്രമേയം പാസ്സാക്കി സർക്കാറിനോട് അഭ്യർഥിച്ചിരുന്നു. പ്രദേശത്തെ ഗ്രാമപ്പഞ്ചായത്തുകളിൽ ഭൂരിപക്ഷവും തങ്ങളുടെ നിർദ്ദേശത്തിന് അനുകൂലമാണെന്ന് കാണിച്ച് ചില സന്നദ്ധസംഘടനകൾ ബോംബെ ഹൈക്കോടതിയെ സമീപിക്കുകയായിരുന്നു. ജനേച്ഛയെ മാനിച്ച് ഗാഡ്ഗിൽ റിപ്പോർട്ടിലെ ശുപാർശകൾ തന്നെ അവിടെ നടപ്പിലാക്കപ്പെടുകയാണ്.

> ആശാപുര മൈൻഷെം എന്ന പ്രമുഖ കമ്പനിയാണ് കിനാനൂർ കരിന്തളം ഗ്രാമപഞ്ചായത്തിലായി സ്ഥിതി ചെയ്യുന്ന കടലാടിപ്പാറയിൽ ബോക്സൈറ്റ്, ലാറ്ററേറ്റ് ഖനനത്തിന്റെ സാധ്യതാ പഠനത്തിന് അനുമതി തേടിയിരിക്കുന്നത്. ഗാഡ്ഗിൽ കമ്മിറ്റി പരിസ്ഥിതി ദുർബല പ്രദേശത്തിന്റെ പട്ടികയിൽ ഉൾപ്പെടുത്തിയിരുന്ന ഹോസ്ദുർഗ് താലൂക്കിലാണ് ഈ പ്രദേശം വരുന്നത്

### കാണാതെ പോകുന്ന ദുരന്തങ്ങൾ

കൊങ്കൺ മേഖല നേരിൽ അനുഭവിക്കുന്ന പാരിസ്ഥിതിക ഭീതി കേരളത്തിൽ അത്രത്തോളം ദൃശ്യമല്ലാത്തതുകൊണ്ടാണോ ഇവിടെ ഗാഡ്ഗിൽ സ്വീകാര്യമല്ലാതെ പോയത്? സാവന്ത്‌വാഡി-ദോഡാമാർഗ് പ്രദേശങ്ങളിലായി മുപ്പത്തിരണ്ടോളം ഖനികൾ പ്രവർത്തിക്കുന്നുണ്ട്. സമീപത്തുള്ള സിന്ധുദുർഗ് ജില്ലയിലാകട്ടെ നൂറ്റിയമ്പതോളം ഖനികളുടെ നിർമ്മാണ പ്രവർത്തനങ്ങളാണ് നടക്കുന്നത് . ലോകപ്രസിദ്ധമായ അൽഫോൺസ മാമ്പഴം കൃഷി ചെയ്യുന്ന രത്നഗിരി ജില്ലയിൽ 15 ഓളം കൽക്കരി അടിസ്ഥാനമാക്കിയുള്ള ഊർജ്ജ നിർമ്മാണ കമ്പനികളും പ്രവർത്തിക്കുന്നുണ്ട്. ഇതൊന്നും ഇല്ലാത്തതുകൊണ്ടാണോ കേരളത്തിന് ഗാഡ്ഗിലിനോട് വിരോധം? എന്നാൽ ഒന്നുകൂടി സൂക്ഷ്മമായി നോക്കിയാൽ കേരളത്തിലെ സ്ഥിതിയും സമാനമാണെന്നുതന്നെ കാണാം. കേന്ദ്രീകൃതമായ വലിയ ഖനനങ്ങളില്ലെങ്കിലും പശ്ചിമഘട്ടമേഖലയിലുള്ള കേരളത്തിലെ ക്വാറികൾ ആപത്കരമായ ക്ഷതം പരിസ്ഥിതിക്ക് ഏൽപ്പിക്കുന്നുണ്ട്. കാസർഗോഡ് മുതൽ തിരുവനന്തപുരം വരെയുള്ള ജില്ലകളിലെല്ലാം പല മേഖലകളിലും ക്വാറികൾക്കെതിരെ തദ്ദേശീയരുടെ മുൻകൈയിൽ ആയിരങ്ങൾ പങ്കെടുക്കുന്ന സമരങ്ങൾ നടക്കുന്നുമുണ്ട്. ഇനിയും ഏകോപിപ്പിക്കപ്പെട്ടിട്ടില്ലെങ്കിലും ഈ സമരങ്ങളെല്ലാം പശ്ചിമഘട്ട സംരക്ഷണം എന്ന ലക്ഷ്യം പ്രത്യക്ഷമായോ പരോക്ഷമായോ മുന്നോട്ട് വയ്ക്കുന്നവയാണ്.

ക്വാറികളേക്കാൾ ഉഗ്രതയുള്ള വലിയ ഖനന പദ്ധതികൾ കേരളത്തിലേക്ക് എത്തുന്നതിനെതിരെയും ജനകീയ പ്രതിഷേധങ്ങൾ ഉയർന്നു തുടങ്ങിയിട്ടുണ്ട്. നീലേശ്വരം കടലാടിപ്പാറയിൽ ബോക്സൈറ്റ് ഖനനത്തിനുള്ള നീക്കത്തിനെതിരെ പ്രതിഷേധം ശക്തമാകുകയാണ്. ആശാപുര മൈൻഷെം എന്ന കമ്പനിയാണ് പ്രദേശത്ത് ബോക്സൈറ്റ്, ലാറ്ററേറ്റ് ഖനനത്തിന്റെ സാധ്യതാ പഠനത്തിന് അനുമതി തേടിയിരിക്കുന്നത്. ആശാപുര മൈൻഷെം എന്ന പ്രമുഖ കമ്പനിയാണ് കിനാനൂർ കരിന്തളം ഗ്രാമപഞ്ചായത്തിലായി സ്ഥിതി ചെയ്യുന്ന കടലാടിപ്പാറയിൽ ബോക്സൈറ്റ്, ലാറ്ററേറ്റ് ഖനനത്തിന്റെ സാധ്യതാ പഠനത്തിന് അനുമതി തേടിയിരിക്കുന്നത്. ഗാഡ്ഗിൽ കമ്മിറ്റി പരിസ്ഥിതി ദുർബല പ്രദേശത്തിന്റെ പട്ടികയിൽ ഉൾപ്പെടുത്തിയിരുന്ന ഹോസ്ദുർഗ് താലൂക്കിലാണ് ഈ പ്രദേശം വരുന്നത്. ഗാഡ്ഗിൽ റിപ്പോർട്ട് നടപ്പിലാക്കപ്പെട്ടിരുന്നെങ്കിൽ സഹന സമരങ്ങളൊന്നും കൂടാതെ തന്നെ ഈ പ്രദേശത്തെ ഗ്രാമസഭകൾക്കും പഞ്ചായത്തുകൾക്കും ചേർന്ന് ബോക്സൈറ്റ് ഖനനം ഇവിടെ വേണ്ടതില്ല എന്ന് തീരുമാനിക്കാമായിരുന്നു. ആ സാധ്യതയെ നമ്മൾ തന്നെ നിഷ്കരുണം നഷ്ടമാക്കിയതിനാൽ കേന്ദ്രീകൃതമായി വരുന്ന തീരുമാനത്തിനെതിരെ സമരം ചെയ്യുക എന്ന പതിവ് മാർഗ്ഗം മാത്രമാണ് ഇനി അവശേഷിക്കുന്നത്.

### അവഗണിക്കപ്പെട്ട അപരശബ്ദങ്ങൾ

പരിസ്ഥിതി സംഹാരത്തിനെതിരെ പശ്ചിമഘട്ട മേഖലകളിൽ നടക്കുന്ന ഇത്തരം സമരങ്ങളെയും അവയ്ക്ക് പിന്നിൽ അതിജീവനത്തിനായി അണിനിരക്കുന്ന ജനങ്ങളെയും അവഗണിച്ചുകൊണ്ടാണ്, കേരളത്തിലെ 22 ല

*⇨ ഉരുൾപൊട്ടലും മണ്ണിടിച്ചിലുമുണ്ടാകാത്ത മലയോരങ്ങൾ കേരളത്തിൽ വിരളമാണ് ⇨*

ക്ഷം ജനങ്ങളെ നേരിട്ടും അനേകലക്ഷം ജനങ്ങളെ പരോക്ഷമായും ബാധിക്കുന്ന പ്രശ്നമാണ് ഗാഡ്ഗിൽ റിപ്പോർട്ട് എന്ന് ഹൈറേഞ്ച് സംരക്ഷണ സമിതിയെപ്പോലെയുള്ള കർഷക സംഘടനകൾ പറഞ്ഞുപരത്തിയത്. അവരുടെ ആ കണക്കുകളെ വിലയ്ക്കെടുത്താണ് ബഹുഭൂരിപക്ഷം ജനങ്ങളും ഗാഡ്ഗിൽ റിപ്പോർട്ടിന് എതിരാണെന്ന നിഗമനത്തിൽ ഭരണാധികാരികൾ എത്തിച്ചേർന്നത്. വിവിധ പാരിസ്ഥിതിക പ്രശ്നങ്ങൾ ഉന്നയിച്ച് പശ്ചിമഘട്ടത്തിന്റെ വിവിധ ജനവവാസ മേഖലകളിൽ സമരം ചെയ്യുന്നവർ ഒഴിവാക്കപ്പെട്ടു. അവരുടെ ശബ്ദം കൂടി ഭരണകൂടം കേൾക്കാൻ ശ്രമിച്ചിരുന്നെങ്കിൽ ഒരു പക്ഷെ ഗാഡ്ഗിൽ റിപ്പോർട്ടിന് മുകളിൽ കസ്തൂരിരംഗൻ കമ്മിറ്റി നിയോഗിക്കപ്പെടില്ലായിരുന്നു.

അങ്ങനെ, പരിസ്ഥിതിനാശത്തിന് ഇരകളായിത്തീർന്നവരുടെ നിലവിളികളും നിസ്സഹായതകളും മനഃപൂർവ്വം അവഗണിച്ച ഭരണകൂടവഞ്ചനയുടെ പ്രതിരൂപം മാത്രമായിമാറി കസ്തൂരിരംഗൻ റിപ്പോർട്ട്. ജനാധിപത്യത്തെക്കുറിച്ചുള്ള ഉന്നതമായ സങ്കൽപ്പനങ്ങൾ മുന്നോട്ട് വച്ച ഗാഡ്ഗിൽ റിപ്പോർട്ടിനെ നിലവിലെ ജനാധിപത്യ സംവിധാനങ്ങൾ അതിന്റെ ഹീനമായ അധികാര അകത്തളങ്ങളിൽ വച്ച് ചാരമാക്കിത്തീർത്തു. എത്രവെള്ളം ചേർത്തിട്ടും കസ്തൂരിരംഗൻ റിപ്പോർട്ടിനും ഗാഡ്ഗിൽ റിപ്പോർട്ടിന് ലഭിച്ച അതേ സ്വീകരണമാണ് കേരളത്തിൽ കിട്ടിക്കൊണ്ടിരിക്കുന്നത്. ഗാഡ്ഗിലും – കസ്തൂരിരംഗനും ആവശ്യമില്ലെന്ന പ്രതിഷേധങ്ങളാണ് ഇപ്പോൾ തെരുവിൽ അണിനിരക്കുന്നത്. ഈ കഴിഞ്ഞ മഴക്കാലത്തും ഉരുൾപൊട്ടലും മണ്ണിടിച്ചിലുമുണ്ടാകാത്ത മലയോരങ്ങൾ കേരളത്തിൽ വിരളമാണ്.

കുഞ്ചിത്തണ്ണിയിലും തൊമ്മൻകുത്തിലുമുണ്ടായ വലിയ ഉരുൾപൊട്ടലുകളെത്തുടർന്ന് കുറച്ച് ദിവസത്തേക്ക് ഗാഡ്ഗിൽ റിപ്പോർട്ട് മാധ്യമങ്ങളെല്ലാം പൊടിതട്ടിയെടുത്ത് ചർച്ചചെയ്യുകയുമുണ്ടായി. ഗാഡ്ഗിൽ റിപ്പോർട്ടുണ്ടാക്കിയ കോലാഹലങ്ങൾക്കിടയിൽ പരിസ്ഥിതി പ്രവർത്തകരുടെ ശബ്ദങ്ങൾക്ക് അല്പമെങ്കിലും ഇടം കിട്ടിയ മൂന്നുനാല് ദിവസങ്ങളായിരുന്നു അത്. മൺസൂൺ വിടവാങ്ങിയതിനൊപ്പം മലയോരങ്ങളും ആ കാലവർഷക്കെടുതികളെ മറന്നുകളഞ്ഞിരിക്കുന്നു. പ്രകടമായ ദുരന്തങ്ങളെപ്പോലും അവഗണിക്കും വിധം നിർമ്മമമായിത്തീർന്ന ആ മലയോര വികാരങ്ങളോട് സംസാരിക്കേണ്ടത് എങ്ങനെയെന്ന സന്ദേഹം കേരളത്തിന്റെ പാരിസ്ഥിതിക ചരിത്രത്തിലെ ഒരു നിർണ്ണായക സന്ദർഭമായി മാറിയിരിക്കുകയാണ്. പാരിസ്ഥിതിക ദുരന്തത്തിന്റെ ഇരകൾ വേട്ടക്കാർക്കൊപ്പം അണിനിരക്കുന്നതിന്റെ ഭീതിദമായ കാഴ്ചകൾക്ക് കളമൊരുക്കിയ ഗാഡ്ഗിൽ റിപ്പോർട്ട് ചർച്ചകൾ, ആ സാഹചര്യങ്ങളുടെ കാരണങ്ങൾകൂടി അന്വേഷിക്കുന്നതിലേക്ക് വികസിക്കുകയാണ് ഇനി വേണ്ടത്.

**സൂചന**


1. പശ്ചിമഘട്ട പരിസ്ഥിതി വിദഗ്ധ സമിതി റിപ്പോർട്ട്
2. പശ്ചിമഘട്ട ഉന്നതതല കർമ്മ സമിതി റിപ്പോർട്ട്
3. ഗാഡ്ഗിൽ റിപ്പോർട്ടും കേരള വികസനവും: ടി. പി. കുഞ്ഞിക്കണ്ണൻ. മാതൃഭൂമി ബുക്സ്.
4. India'd Notified Ecologically Sensitive Area (ESAs), the story so far: Kalpavriksh, 2009.
5. ESA requires special attention: Open letter to the MoEF, 24th July 2007. Kalpavriksh.
6. Letter to Jayanthi Natarajan, Union Minister of State, MoEF: Comments on the High Level Working Group Report. Dr. Latha Anantha, Himanshu Thakkar, Parineetha Dandekar. ■



കേരളീയം

**15–ാം വാർഷികാഘോഷം**

**2013 നവംബർ – 2014 ജനുവരി**

2013 നവംബറിൽ കേരളീയം മാസിക **15 വർഷം പൂർത്തിയാക്കുന്നു.** 2013 നവംബർ മുതൽ 2014 ജനുവരി വരെ നീണ്ടുനിൽക്കുന്ന പരിപാടികളോടെ **വാർഷികം ആഘോഷിക്കുന്നു.** പുസ്തക പ്രസാധനം, ദേശീയ സെമിനാർ, പ്രത്യേക ലക്കങ്ങൾ, ലഘുലേഖകളുടെയും ലേഖന സമാഹാരങ്ങളുടെയും പ്രസിദ്ധീകരണം, 2000 പേർ പങ്കെടുക്കുന്ന സൈക്കിൾ റാലി, കേരളീയം ഡിജിറ്റൽ ആർക്കൈവ് പൂർത്തിയാക്കൽ, മാധ്യമ പരിശീലന പരിപാടികൾ, സാമൂഹിക പ്രവർത്തക ക്യാമ്പ്, ആദിവാസി മാധ്യമ പഠിതാക്കൾക്കുള്ള സ്കോളർഷിപ്പ് പരിപാടിയുടെ ഉദ്ഘാടനം തുടങ്ങിയ പരിപാടികളുമായാണ് വാർഷികാഘോഷം. **15–ാം പിറന്നാൾ പരിപാടികളിൽ എല്ലാ വായനക്കാരുടെയും സാന്നിധ്യവും സഹകരണവും പ്രതീക്ഷിക്കുന്നു.**

കേരളീയം

**സംഭാവന നൽകിയവർ**

ഓണക്കാലത്ത് കേരളീയം നടത്തിയ സാമ്പത്തിക സമാഹരണ പരിപാടിയിലേക്ക് തുടർന്നും സംഭാവന നൽകിയവർ.

**ചന്ദ്രശേഖരൻ, കൊരട്ടി** – 1000 രൂപ

**അജിതൻ, ചേറൂർ** – 3000 രൂപ

**ജോൺ** – 2000 രൂപ

**സുജ, തിരുവനന്തപുരം** – 10,000 രൂപ